**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6787** **21-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിൽ പരിശീലന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായിക പരിശീലന വകുപ്പ് മുഖേന സംസ്ഥാനത്ത് നടന്ന് വരുന്ന തൊഴിൽ പരിശീലന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ; | (എ) | വ്യവസായിക പരിശീലന വകുപ്പ് സംസ്ഥാനത്തെ വ്യവസായിക തൊഴിൽ പരിശീലനത്തിന്റെയും, അപ്രന്റിസ്ഷിപ്പ് പരിശീലനത്തിന്റെയും ചുമതലയാണ് വഹിക്കുന്നത്. 1950 ൽ ഭാരത സർക്കാർ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം (വിദഗ്ധ തൊഴിൽ പരിശീലന പദ്ധതി) ആവിഷ്കരിച്ച് രാജ്യത്താകമാനം ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചു. ഇത്തരം പരിശീലനകേന്ദ്രങ്ങളാണ് നിലവിലുള്ള ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ.ടി.ഐസ്) എന്നറിയപ്പെടുന്നത്. കേരളത്തിൽ 104 ഐ.ടി.ഐകളിലായി 78 ട്രേഡുകളിലും 44 SCDD ഐ.ടി.ഐകളും 2 STDD ഐ.ടി.ഐകളും, സ്വകാര്യമേഖലയിൽ 256 ഐ.ടി.ഐകളിലുമായി പരിശീലനം നൽകി വരുന്നു.<br><br>ഐ.ടി.ഐകളിൽ പ്രൊഡക്ഷൻ സെന്ററുകളിലൂടെയും പരിശീലനം നൽകി വരുന്നു. മലപ്പുറം ജില്ലയിലെ അരീക്കോട് ഗവ. ഐ.ടി.ഐ യിൽ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി (IMC) ഫണ്ട് ഉപയോഗിച്ച് ഒരു ഫർണിച്ചർ യൂണിറ്റ് ആരംഭിക്കുകയും, ആയത് വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ഇലക്ട്രോണിക് ഇലക്ട്രിക് ഉപകരണങ്ങൾ ഇരുമ്പിലും മരത്തിലുമുള്ള ഫർണിച്ചറുകൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഭക്ഷ്യ വസ്തുക്കൾ, ഹാന്റ് സാനിറ്റൈസറുകൾ, ഓട്ടോമൊബൈൽ സേവനങ്ങൾ, സിവിൽ ജോലികൾക്കുള്ള മെറ്റീരിയൽ ടെസ്റ്റിംഗ്, ഫാബ്രിക്കേഷൻ, ഓട്ടോമൊബൈൽ, സിവിൽ, ആർക്കിടെക്ച്ചറൽ, തുടങ്ങിയ വിവിധ ഉത്പാദന കേന്ദ്രങ്ങൾ പല ഐ.ടി.ഐ കളിലുമായി പ്രവർത്തിച്ചു വരുന്നു. |
| (ബി) | 2022-23 ബജറ്റിൽ പ്രഖ്യാപിച്ച ആലപ്പുഴ | (ബി) | ആലപ്പുഴ മണ്ഡലത്തിലെ സർവ്വോദയപുരം |

| | | | |
|---|---|---|---|
| | മണ്ഡലത്തിലെ സർവ്വോദയപുരം ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികളെകുറിച്ച് വിശദവിവരം ലഭ്യമാക്കാമോ? | | ഐ.ടി.ഐ. സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രൊപ്പോസൽ സർക്കാർ പ്രാഥമിക തലത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ